പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3531 18.02.2013 - ൽ മറുപടിയ്ക്ക്

<u>കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി</u>

ചോദ്യം

ശ്രീ. വി. ശശി

ഉത്തരം

**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിക്കായി വകയിരുത്തിയ 6 കോടി രൂപയിൽ, നടപ്പു വർഷം എത്രകോടി രൂപ ചെലവഴിച്ചു; പ്രസ്തുത തുക എന്തെല്ലാം പരിപാടികൾക്കായാണ് ചെലവഴിച്ചതെന്ന് പറയാമോ; | (എ) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിക്കായി വകയിരുത്തിയ 6 കോടി രൂപയിൽ 4,61,45,605/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 4,59,35,579/- രൂപ കോക്ലിയാർ ഇംപ്ലാന്റിനും ആഡിയോ വെർബൽ ഹബിലിറ്റേഷനുമായും 2,10,026/- രുപ പരസ്യത്തിനായും മറ്റ് ചെലവുകൾക്കു മായിട്ടാണ് വിനിയോഗിച്ചിട്ടുള്ളത്. |
| (ബി) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിപ്രകാരം ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; അതിൻപ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയെന്നും ഇതിനായി, എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; | (ബി) | ഇതുവരെ 450 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 104 കുട്ടികൾക്ക് സർജറി നടത്തി കഴിഞ്ഞു . ഇതിനായി 4,59,35,579/- രൂപയാണ് ചെലവഴിച്ചത്. |
| (സി) | കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തിയ കുട്ടികൾക്ക് സ്പീച്ച് തെറാപ്പി നൽകുന്നതിന് പരിശീലനം നൽകുന്നതിനായി നീക്കിവച്ച 2 കോടി രൂപയിൽ, എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (സി) | സ്പീച്ച് തെറാപ്പി നൽകുന്നതിന് പരിശീലനം നൽകുന്നതിനായി നീക്കിവച്ച തുകയിൽ നിന്നും ഇതുവരെ 7,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ